# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

ഭൂനികുതി

4327 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രൂപീകരണത്തിനുശേഷം ഏതെല്ലാം കാലയളവിൽ സംസ്ഥാനത്ത് ഭൂനികുതി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഭൂനികുതി വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ സെന്റ് ഒന്നിന് എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**ഭൂമിയുടെ വില പുനർനിർണ്ണയം**

**4328 ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ വില പുനർനിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വില നിർണ്ണയത്തെത്തുടർന്ന് പല പ്രദേശങ്ങളിലും ക്രയവിക്രയം തടസ്സപ്പെട്ടിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുവാനും, ഭൂമിയുടെ വില ന്യായമായ തരത്തിൽ പുതുക്കി നിശ്ചയിക്കുവാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഭൂമി കയ്യേറ്റം**

4329

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഹെക്ടർ റവന്യൂ ഭൂമിയിൽ പുതുതായി കൈയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) പുതുതായി ഉണ്ടായ കൈയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ചിട്ടുണ്ടോ എന്ന കാര്യം വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കിയ ഭൂമിയിൽ വീണ്ടും കൈയ്യേറ്റം നടന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻപ് ഒഴിപ്പിക്കൽ നടന്ന ഭൂമി വീണ്ടും കൈയ്യേറിയവരെ ഒഴിപ്പിച്ച് ഭൂമി തുടർന്നും സർക്കാരിന്റെ കൈവശത്തിലിരിക്കുന്നുവെന്ന് ഉറപ്പുവരുത്തിയോ എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### ഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ

4330 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ചു വന്നതിൽ നിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭൂമി കയ്യേറ്റങ്ങൾക്കും അത് നിയമാനുസൃതമാക്കി മാറ്റുന്ന കാര്യത്തിലും, സർക്കാർ ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം സഹായങ്ങൾ ചെയ്തുകൊടുക്കുന്നതായ ആരോപണങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അന്വേഷിച്ച് വിശദവിവരം നൽകാമോ;

(സി) ശേഷിക്കുന്ന സർക്കാർ ഭൂമി കയ്യേറുന്ന സാഹചര്യം ഒഴിവാക്കാൻ എന്തു മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്തും, ഈ സർക്കാർ അധികാരമേറ്റ ശേഷവും എത്ര വീതം ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റവന്യൂ അദാലത്തുകൾ**

4331

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻവർഷം സംസ്ഥാനത്ത് എത്ര റവന്യൂ അദാലത്തുകൾ നടത്തിയെന്ന് വെളിപ്പെടുത്താമോ;

(ബി) റവന്യൂ അദാലത്തുകൾ കൂടുതൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഭൂപരിധി നിർണ്ണയം**

**4332 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്കരണ നിയമം അനുസരിച്ച് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂപരിധിയിൽ സർക്കാർ ആർക്കെങ്കിലും ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഉണ്ടെങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>മോഡൽ വില്ലേജ് ഓഫീസുകൾ</u>**

**4333**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ വില്ലേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലുള്ള വില്ലേജ് ഓഫീസുകൾ മോഡൽ വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്</u>

4334 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഒന്നിലേറെ വില്ലേജ് ഓഫീസുകൾ ഒരു സ്ഥലത്ത് പ്രവർത്തിക്കുന്നത് ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം**

**4335 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷനു വേണ്ടി ഏതെങ്കിലും പ്രത്യേക സോഫ്റ്റ് വെയറുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര വില്ലേജുകളിൽ ഈ സോഫ്ട് വെയർ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര വില്ലേജുകളിൽ ഇപ്പോൾ കമ്പ്യൂട്ടർ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് വില്ലേജ് ഓഫീസ് ജീവനക്കാരിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം**

4336

ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവത്കരണം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ;

(സി) ജനങ്ങൾക്ക് ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സംവിധാനം മുഖേന കാലതാമസം കൂടാതെ ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വില്ലേജ് ഓഫീസിൽ അടയ്ക്കുന്ന വസ്തുക്കരം ഒൺലൈൻ വഴിയാക്കുന്നത്**

4337 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ ജനങ്ങൾക്ക് വസ്തുവിന്റെ കരം എത്ര മണിവരെ ഒടുക്കാനുള്ള സൗകര്യമുണ്ടെന്നുള്ളത് വ്യക്തമാക്കാമോ ;

(ബി) വസ്തുക്കരം 5 മണിവരെ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുമോ ;

(സി) വസ്തുക്കരം ഓൺലൈൻ ആയി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഗോൾഫ് ക്ലബ്ബിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസ്**

**4338 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായ ഗോൾഫ് ക്ലബ്ബിന്റെ സ്ഥലം വീണ്ടും നടത്തിപ്പുകാർക്ക് വിട്ടുകൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗോൾഫ് ക്ലബ്ബ് കേസുമായി ബന്ധപ്പെട്ട നടപടികൾ മന:പൂർവ്വം വൈകിപ്പിക്കാൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആക്ഷേപത്തിന്മേലുള്ള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കൽ നടപടി നിലനിൽക്കുന്നതല്ലെന്നും ക്ലബ്ബ് മുൻ ഭാരവാഹികൾക്ക് വിട്ടുകൊടുക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ലെന്നും കാണിച്ച് നിയമവകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍സുമായുള്ള പാട്ടക്കരാര്‍</u>**

**4339** **ഡോ. ടി. എം.തോമസ് ഐസക്**
**ശ്രീ.കോലിയക്കോട് എന്‍.കൃഷ്ണന്‍ നായര്‍**
**,, കെ. കെ. ജയചന്ദ്രന്‍**
**,, പി. ടി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍സ് സംസ്ഥാനത്ത് അനധികൃതമായി റവന്യൂ ഭൂമി കൈവശം വച്ചിട്ടുണ്ടോ; എങ്കില്‍ എത്ര ഏക്കര്‍ ഭൂമി, എവിടെയെല്ലാം എന്ന് വിശദമാക്കാമോ;**

(ബി) **ഹാരിസണ്‍ മലയാളം പ്ലാന്റേഷന്‍സ് പാട്ടക്കരാറിന്റെ കാലാവധി കഴിഞ്ഞതിനുശേഷം അനധികൃതമായി ഭൂമി കൈവശം വച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;**

(സി) **അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോര്‍ട്ട് സര്‍ക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ റിപ്പോര്‍ട്ടിന്മേല്‍ സര്‍ക്കാര്‍ ഇതിനകം കൈക്കൊണ്ട നടപടികള്‍ വിശദമാക്കാമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**അവകാശികൾക്ക് ക്ഷേമ പെൻഷനുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം**

4340

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ഉൾപ്പെടെയുളള ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെടുമ്പോൾ അവകാശികൾക്ക് കുടിശ്ശിക തുക കൈപ്പറ്റുന്നതിന് നിയമാനുസൃത അവകാശ സർട്ടിഫിറ്റ് നല്കുന്നതിന് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിലുളള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ തുക ലഭിക്കുന്നതിനുപോലും കാലതാമസം നേരിടുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇപ്രകാരമുളള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ 10000/ (പതിനായിരം) രൂപ വരെയുളള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാരെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ;

(ഡി) കുറഞ്ഞ തുകകൾക്ക് നിയമാനുസൃത സർട്ടിഫിക്കറ്റ് നൽകാൻ തഹസീൽദാരെ ചുമതലപ്പെടുത്തിയാൽ ഗസറ്റ് വിജ്ഞാപനത്തിനുളള കാലതാമസവും അധിക ച്ചെലവുംകുറയുമെന്ന കാര്യവും പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും തുക അനുവദിച്ച</u>**
**<u>കോഴിക്കോട് ജില്ലയിലെ പ്രവൃത്തികള്‍</u>**

**4341 ശ്രീ. എ. കെ. ശശീന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ 2010-2011 വര്‍ഷങ്ങളില്‍ റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും എത്ര പ്രവൃത്തികള്‍ക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളില്‍ എത്രയെണ്ണം പൂര്‍ത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവില്‍ നിയോജമകണ്ഡല അടിസ്ഥാനത്തില്‍ അനുവദിയ്ക്കപ്പെട്ട പ്രവൃത്തികളും തുകയും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കോട്ടയത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ</u>**
**<u>വകയിരുത്തിയ തുക</u>**

4342 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയ്ക്കായി റിവർ മാനേജ്മെന്റ് ഫണ്ടിൽ 2011-2012 വർഷം എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-2012 വർഷം കോട്ടയം ജില്ലയ്ക്കായി വകയിരുത്തിയ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) 2011-2012 വർഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ വൈക്കം നിയോജക മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പുഴ - നീർത്തട വികസന പദ്ധതി</u>

4343 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുഴകളുടെ മലിനീകരണം തടയുന്നതിന് ശാസ്ത്രീയമായ പുഴ-നീർത്തട വികസന പദ്ധതി മുഖേന സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരമുള്ള പരിപാടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ലംഘനം</u>**

**4344 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വ്യാപകമായ തോതിൽ നിലം നികത്തിയെടുക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;**

(ബി) **ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ദുരന്ത നിവാരണ അതോറിറ്റി</u>

4345

ശ്രീ. ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ ഇതിനോടകം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>സംയോജിത നീർത്തട പദ്ധതി</u>**

4346 ശ്രീ. അൻവൻ സാദത്ത്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി ഉയർത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നടത്തിയ ചർച്ചകളിൽ ധാരണയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) പദ്ധതി പ്രകാരം കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഭൂസംരക്ഷണ സേന**

4347 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണ സേന നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇവരുടെ പ്രധാന കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ് ;

(സി) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റെലീസ് പദ്ധതി**

4348 **ശ്രീ. സി. പി. മുഹമ്മദ്**
**,, സണ്ണി ജോസഫ്**
**,, എം. പി. വിന്‍സെന്റ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **റെലീസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാം ;**

(ബി) **ഭൂമി സംബന്ധമായിട്ടുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങള്‍ സുതാര്യമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയില്‍ തയ്യാറാക്കിയിട്ടുള്ളത് ;**

(സി) **സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ ;**

(ഡി) **സംസ്ഥാനമാകെ ഇത് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?**

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>വെള്ളക്കെട്ട് സംബന്ധിച്ച് വെട്ടിയാർ സുരേന്ദ്രദാസിന്റെ പരാതി</u>**

**4349**

**ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**വെളളക്കെട്ടിനെ തുടർന്ന് വീടും കിണറും ഇടിഞ്ഞുനശിക്കുന്നത് സംബന്ധിച്ച് മാവേലിക്കര, വെട്ടിയാർ ഹരി മന്ദിരത്തിൽ സുരേന്ദ്രദാസ് നൽകിയ പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?**

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**കയർ ജിയോ ടെക്സ്റ്റയിൽ**

4350 ശ്രീ. ജി. സുധാകരൻ
,, സി. കെ. സദാശിവൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ ജിയോ ടെക്സ്റ്റയിലിനെ ഒരു നിർമ്മാണ സാമഗ്രിയായി അംഗീകരിച്ച് പൊതുമരാമത്ത് മാനുലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകളുടെ നിർമ്മാണം, കനാലുകളുടെ തീരങ്ങൾ ബലപ്പെടുത്തൽ, മണ്ണൊലിപ്പു തടയൽ തുടങ്ങിയവയ്ക്ക് കയർ ജിയോ ടെക്സ്റ്റയിൽ ഉപയോഗിക്കുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നോ ;

(സി) പ്രസ്തുത ഉല്പന്നത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>മൂല്യവർദ്ധിത കയർ ഉത്പന്നങ്ങൾ</u>**

4351 **ശ്രീ. മോൻസ് ജോസഫ്**
**,, സി. എഫ്. തോമസ്**
**,, റ്റി. യു. കുരുവിള**
**,, തോമസ് ഉണ്ണിയാടൻ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിച്ച് കയർ ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

4352 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2010-11, 2011-12 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽനിന്ന് ലഭിച്ച തുകയും, ഈ പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾക്ക് ഫണ്ടിൽ നിന്ന് വിനിയോഗിച്ച തുകയും വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ

4353 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഒൻപതാം ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ജില്ലാ റവന്യൂ ഓഫീസർ തസ്തികയിലേയ്ക്ക് സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറിമാരെ നിയമിക്കുവാൻ ആലോചനയുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കുടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം**

4354 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിനുമുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും ഉപാധിരഹിത പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2011 മെയ് മാസത്തിനുമുമ്പ് എത്ര കുടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ട് എന്നും വിശദമാക്കുമോ;

(സി) ഇവർക്കുള്ള പട്ടയം എന്ന് നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ കർമ്മപദ്ധതി</u>**

4355 **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, കെ. മുരളീധരൻ**
**,, പി. സി. വിഷ്ണുനാഥ്**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ കൈവശമുളള ഭൂമി അർഹരായ അപേക്ഷകർക്ക് വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സ്വകാര്യ ഭൂമി വിലക്കെടുത്ത് ഭൂരഹിതർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോയെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### പന്തല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭൂമി

4356 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്തല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭൂമി അനധികൃതമായി കൈവശം വെച്ചിരുന്നവർ ആസമയത്ത് പ്രസ്തുത ഭൂമിയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചു മാറ്റപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പട്ടയ ദുർവിനിയോഗം തടയാൻ നടപടി**

**4357** **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷം എത്ര പേർക്ക് പട്ടയം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ .

(ബി) പട്ടയം ദുർവിനിയോഗം ചെയ്യുന്നതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃതമായി ഭൂമി കയ്യേറുന്നവർക്കെതിരെ എപ്രകാരമുളള നടപടിയ്ക്കാണ് സർക്കാർ രൂപം നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>തൃശ്ശൂർ ജില്ലയിലെ പാടശേഖരങ്ങൾ നികത്തൽ</u>**

**4358 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മണ്ണ് ഭൂമാഫിയകൾ വൻതോതിൽ മണ്ണ് കുഴിച്ചെടുക്കുന്നതും, പാടശേഖരങ്ങൾ മണ്ണിട്ട് നികത്തുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജക മണ്ഡലത്തിലുള്ള നിലങ്ങൾ നികത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ</u>

4359 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജക മണ്ഡലത്തിലുള്ള വില്ലേജുകളിലെ വിവിധ പ്രദേശങ്ങളിൽ നിലങ്ങൾ നികത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

<u>റവന്യൂ വനം വകുപ്പുകളുടെ നേതൃത്വത്തിൽ</u>
<u>സംയുക്ത പരിശോധന</u>

4360 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുപ്പൈനാട് പഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്തെ റവന്യൂ-വനം വകുപ്പുകളുടെ നേതൃത്വത്തിലുള്ള ജോയിന്റ് വെരിഫിക്കേഷന്റെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത ജോയിന്റ് വെരിഫിക്കേഷൻ ആരംഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ബാലുശ്ശേരിയിലെ കോവിലകം താഴെ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തി</u>**

4361 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തി കൊയിലാണ്ടി താലൂക്കിലെ ഏതേത് വില്ലേജുകളിലെ ഏതേതു സർവ്വെ നമ്പറുകളിൽപ്പെട്ട ഭൂമിയിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിനും അപ്രോച്ച് റോഡിനും വേണ്ടി വേർതിരിച്ച സ്ഥലം ഏതെങ്കിലും വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണോയെന്നു വെളിപ്പെടുത്താമോ;

(സി) എങ്കിൽ വ്യക്തികളുടെ പേരും വിലാസവും പ്രവൃത്തി സ്ഥലത്ത് ഉൾപ്പെട്ട ഭൂമിയുടെ അളവും അറിയിക്കാമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ഇടിമിന്നലേറ്റ് മരണപ്പെട്ടവർക്ക് ധനസഹായം</u>

**4362** **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടിമിന്നലേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇടിമിന്നലേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് ആശ്വാസ ധനസഹായമായി നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇടിമിന്നൽ ഏൽക്കുന്നതു തടയുന്നതിന്റെ ഭാഗമായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക**

4363 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഓരോ മണ്ഡലത്തിലും വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചെന്ന് വിശദമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഏതെല്ലാം മണ്ഡലങ്ങളിലെ വെളളപ്പൊക്ക ദുരിതാശ്വാസ നിധിയുടെ എത്ര തുകയുടെ ആനുകൂല്യം റദ്ദ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പ്രകൃതി ക്ഷോഭംമൂലം തകരാറിലായ റോഡുകളുടെ പുനരുദ്ധാരണം**

**4364**

**ശ്രീ. പി. റ്റി.എ. റഹിം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭം മൂലം തകരാറിലായ റോഡുകളുടെ പുനരുദ്ധാരണത്തിന് ഡിസാസ്റ്റർമാനേജ്മെൻറ് വകുപ്പ് അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്തേണ്ട കാലാവധി എത്രയാണ്;

(ബി) പ്രസ്തുത കാലാവധി കണക്കാക്കുന്നത് സർക്കാർ ഉത്തരവ് തീയതി മുതലാണോ അതോ സാങ്കേതികാനുമതി ലഭിക്കുന്നത് മുതലാണോ എന്നത് വ്യക്തമാക്കുമോ;

(സി) ഓഫീസ് നടപടി മൂലമുളള കാലതാമസംകൊണ്ട് പല പ്രവൃത്തികളും നഷ്ടമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലെ കാലപരിധിയിൽ മാറ്റം വരുത്തണമെന്ന് കോഴിക്കോട് ജില്ലാ വികസന സമിതി ആവശ്യപ്പെട്ടിട്ടുണ്ടോ; ഗൈഡ് ലൈനിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കേന്ദ്രത്തിൽ നിന്നുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം</u>**

**4365**

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതി ക്ഷോഭ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര തുക സഹായം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രകൃതിക്ഷോഭത്തിൽ എന്ത് തുകയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്;

(സി) പ്രകൃതി ക്ഷോഭത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് ഏത് ജില്ലയ്ക്കാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതി ക്ഷോഭദുരിതാശ്വാസത്തിനായി ഓരോ ജില്ലയ്ക്കും എത്ര തുക വീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കരയിലെ വില്ലേജ് ഓഫീസുകളിൽ ലഭിച്ച പട്ടയത്തിനുള്ള അപേക്ഷകൾ**

**4366 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ വില്ലേജ് ആഫീസുകൾ വഴി ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ പട്ടയം ലഭിക്കാൻ യോഗ്യരായി കണ്ടെത്തിയവരുടെ പേരും വിലാസവും വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് പട്ടയം ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>അത്തിക്കയം മടന്തമൺ തെക്കേത്തൊട്ടിയിലെ കുടുംബങ്ങൾക്ക് പട്ടയം</u>**

**4367** **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ അത്തിക്കയം മടന്തമൺ തെക്കേത്തൊട്ടിയിൽ എത്ര കുടുംബങ്ങൾക്കാണ് അവരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ജോയിന്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പട്ടയം നൽകുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് ഇവിടെ നിലവിലുള്ളതെന്നും ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) ഇവിടെ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**എളങ്കുന്നപ്പുഴ വില്ലേജിലെ കുടുംബങ്ങൾക്ക് പട്ടയം**

**4368** **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ വില്ലേജിൽ കാലാകാലങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം ലഭിക്കാത്തതു മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വി. ആർ. പുരം വെറ്റിലപ്പാറ പട്ടികജാതി കോളനി നിവാസികളുടെ പട്ടയം**

4369 **ശ്രീ. ബി.ഡി ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വി. ആർ പുരം പട്ടികജാതി കോളനി നിവാസികളുടേയും, വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ കോളനി സൊസൈറ്റിയുടേയും അപേക്ഷകളിൽ പട്ടയം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റാന്നി താലൂക്കിലെ ആലിമുക്കിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

4370 ശ്രീ. രാജുഎബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ആലിമുക്കിലെ കൈവശക്കാരായ 200ലധികം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പട്ടയം നൽകുന്നതിനായി ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നാളിതുവരെ എത്ര കുടുംബങ്ങളുടെ അപേക്ഷകൾ വില്ലേജാഫീസിൽ ലഭിച്ചിട്ടുണ്ട്; ഇനിയും എത്ര കുടുംബങ്ങൾ കൂടി അപേക്ഷ നൽകാനുണ്ട്;

(ഡി) പ്രസ്തുത അപേക്ഷ ലഭിച്ചതിനുശേഷം എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിച്ചാണ് പട്ടയം നൽകാൻ കഴിയുക എന്നത് സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(ഇ) എന്ന് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കാൻ കഴിയുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട മലയോര കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി**

4371 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 01.01.1977-നു മുൻപുള്ള എത്ര മലയോര കൈവശക്കാർക്കും എത്ര കൈവശഭൂമിക്കുമാണ് പട്ടയം നൽകാനുള്ളതെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും ഓരോ വില്ലേജിലും നാളിതുവരെ ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(സി) ഇവർക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് ഇനിയും അവശേഷിക്കുന്നത്;

(ഡി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### പത്തനംതിട്ട ഫുഡ് പ്രൊഡക്ഷൻ ഏരിയയിലുൾപ്പെട്ടവർക്ക് പട്ടയം

4372

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഫുഡ് പ്രൊഡക്ഷൻ ഏരിയയിലുൾപ്പെട്ട ഏതൊക്കെ പ്രദേശങ്ങളിലെ എത്ര കൃഷിക്കാർക്ക്, എത്ര ഏക്കർ ഭൂമികളിലാണ് ഇനിയും പട്ടയം നൽകാനുളളത്; ഓരോ പ്രദേശത്തിന്റെ പേരും വില്ലേജിന്റെ പേരും സഹിതം വ്യക്തമാക്കാമോ;

(ബി) ഇവരുടെ കൈവശ ഭൂമിയിലെ ഏതൊക്കെ മരങ്ങൾ മുറിക്കുന്നതിനാണ് ഇപ്പോൾ അനുമതിയുളളത്;

(സി) ഭൂമിയ്ക്ക് പട്ടയമില്ലാത്തതുമൂലം, ബാങ്ക് വായ്പ ലഭിയ്ക്കുന്നതിനുളള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരുടെ കൈവശഭൂമിയ്ക്ക് പട്ടയം നല്കുന്നതിൽ നിലവിൽ എന്തൊക്കെ തടസ്സങ്ങളാണ് ഉളളതെന്ന് വ്യക്തമാക്കാമോ;

(ഇ) തടസ്സങ്ങൾ പരിഹരിക്കാനും ഇവർക്ക് പട്ടയം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ;

(എഫ്) ഇവരുടെ കൈവശ ഭൂമിയ്ക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**നെയ്യാർ ഡാം- അഞ്ചുചങ്ങല പ്രദേശത്തെ പട്ടയം വിതരണം**

**4373 ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം- അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയ വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടയ വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കിനാലൂർ എസ്റ്റേറ്റ് ഏറ്റെടുക്കാൻ നിർദ്ദേശം**

**4374 ശ്രീ എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് അക്വയർ ചെയ്യണമെന്ന വ്യവസായ വകുപ്പിന്റെ നിർദ്ദേശം റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടായിരുന്നുവോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി അക്വയർ ചെയ്യാൻ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരുന്നത്;

(സി) ലാൻഡ് അക്വിസിഷൻ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചാലക്കുടി കോടശ്ശേരിയിലെ ആലുവ സെറ്റിൽമെന്റിന്റെ സ്ഥലം**

**4375** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ ആലുവ സെറ്റിൽമെന്റിന് പാട്ടത്തിന് നൽകിയ സ്ഥലത്തിൽ എത്ര ഏക്കർ അവശേഷിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് പഞ്ചായത്തിന് പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

ശ്രീ. സക്കറിയ, പാറപ്പള്ളിയ്ക്ക് മിച്ചഭൂമി പതിച്ചു നല്കുന്നത്

4376 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ പുല്ലൂർ വില്ലേജിൽ ശ്രീ. സക്കറിയ, പാറപ്പള്ളി, അമ്പലത്തറ എന്നയാൾക്ക് മിച്ചഭൂമി പതിച്ച് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി അതിർത്തി നിർണ്ണയിച്ച് ശ്രീ. സക്കറിയയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പൊന്നും വിലയ്ക്ക് എടുത്ത് മിച്ചം വന്ന ഭൂമിയും തരിശ് ഭൂമിയും പബ്ലിക്-പ്രൈവറ്റ് പഞ്ചായത്ത് പങ്കാളിത്ത പദ്ധതികൾക്ക് ലഭ്യമാക്കാൻ നടപടി**

4377 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത് മിച്ചം വരുന്ന ഭൂമിയും ഉപയോഗിക്കാതെ കിടക്കുന്ന തരിശ് ഭൂമിയും പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്ത പദ്ധതികൾക്ക് ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഇത്തരം ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ ശേഖരിക്കുകയുണ്ടായോ ; ശേഖരിച്ച സ്ഥിതിവിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്കായി സംസ്ഥാനത്ത് എത്ര സ്വകാര്യ പങ്കാളികളെ കണ്ടെത്തുകയുണ്ടായിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മുൻവർഷത്തെ ബഡ്ജറ്റിലെ ഈ പദ്ധതി നടപ്പിലാക്കുക വഴി എത്ര ഭൂമി ഏതെല്ലാം പദ്ധതിയിലൂടെ വികസനോന്മുഖമാക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് കരിവേടകം വില്ലേജിലെ മിച്ചഭൂമി**

4378 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിലെ കരിവേടകം വില്ലേജിൽ ആർ.എസ്.നമ്പർ 36/11-ൽ മിച്ചഭൂമിയായി എത്ര ഏക്കർ വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മിച്ചഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മേൽ സർവ്വേ നമ്പറിൽ 40 വർഷത്തോളമായി വീടുനിർമ്മിച്ച് താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് സുതാര്യ കേരളത്തിലും നമ്പർ 10187/CMPGRC/SK/2012/GAD/14/5/12 കാസർഗോഡ് ജില്ലാ അധികാരികൾക്കും നൽകിയ പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മഞ്ചേശ്വരത്തെ സീതാംഗോളി ഐ. ടി. ഐ.**

**4379**

**ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളി ഐ. ടി. ഐ.ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ച് കിട്ടുന്നതിനായി ബന്ധപ്പെട്ട വകുപ്പ് നൽകിയ അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം കൈമാറിക്കിട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വ്യവസായ വകുപ്പ് ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറിയ സ്ഥലം**

**4380 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പാർക്ക്, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനായി ചാലക്കുടി മുനിസിപ്പാലിറ്റിയ്ക്ക് വ്യവസായ വകുപ്പ് കൈമാറിയ റിഫ്രാക്ടറീസ് വക സ്ഥലത്തിന്റെ റവന്യൂ നടപടികളുടെ പൂർത്തീകരണത്തിന് കാലതാമസം വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റവന്യൂ നടപടികളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>മയ്യിൽ പോലീസ് സ്റ്റേഷനു കെട്ടിടം പണിയുന്നതിന് സ്ഥലം</u>**

**4381**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മയ്യിൽ പോലീസ് സ്റ്റേഷന് കെട്ടിടം പണിയുവാൻ തളിപ്പറമ്പ് താലൂക്ക് കയരളം അംശംവേളം ദേശത്ത് (റീ.സ 49/11ൽ; 49/18) ഉൾപ്പെട്ട 72 സെന്റ് സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ചിട്ടുളള നടപടി വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഭൂമി എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**കുറുമാത്തൂര്‍ ഗ്രാമപഞ്ചായത്തില്‍ ഇ. എം. എസ്. ഭവന പദ്ധതിക്കായി ഭൂമി ലഭ്യമാക്കല്‍**

**4382**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കുറുമാത്തൂര്‍ ഗ്രാമപഞ്ചായത്തില്‍ ഇ. എം. എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി തരിശായി കിടക്കുന്ന കുറുമാത്തൂര്‍ അംശം ദേശത്തെ റി. സ. 120/1ല്‍പ്പെട്ട 40 സെന്റ് സ്ഥലം അനുവദിച്ചുകിട്ടുന്നതിനായി പഞ്ചായത്തു ഭരണ സമിതി നല്കിയ അപേക്ഷയില്‍ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) നടപടികള്‍ പൂര്‍ത്തിയാക്കി എന്ന് പ്രസ്തുത ഭൂമി ലഭ്യമാക്കാന്‍ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഭൂമി ലഭ്യമല്ലാത്തതിനാല്‍ പദ്ധതി തുടരാന്‍ കഴിയാത്ത സാഹചര്യത്തില്‍ അടിയന്തിരമായി ഇതു സംബന്ധിച്ച നടപടി പൂര്‍ത്തിയാക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**നാദാപുരം കാവിലുംപാറ പഞ്ചായത്തിലെ**
**ഭൂമി സബ് ഡിവിഷൻ നടപടി**

**4383**

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കാവിലുംപാറ പഞ്ചായത്തിലെ പുറമ്പോക്കിൽ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ ഭൂമി സബ് ഡിവിഷൻ ചെയ്ത് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്നും നടപടി എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കണ്ണൂര്‍ മാടായി- ടി. ബി.-മുട്ടം-എട്ടിക്കുളം റോഡിന് സ്ഥലം ഏറ്റെടുക്കുന്നവര്‍ക്കുള്ള ധനസഹായം**

4384 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ പയ്യന്നൂരില്‍ പ്രവര്‍ത്തിച്ചിരുന്ന ലാന്റ് അക്വിസിഷന്‍ സ്പെഷ്യല്‍ തഹസില്‍ദാരുടെ ഓഫീസ് നിലവിലുണ്ടോ;

(ബി) മാടായി- ടി. ബി-മുട്ടം-എട്ടിക്കുളം റോഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക എത്രയാണ്; പ്രസ്തുത തുക പയ്യന്നൂര്‍ സബ്ട്രഷറിയില്‍ നിന്ന് സ്ഥലം ഉടമകള്‍ക്ക് നല്‍കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) സ്ഥലം വിട്ടുകൊടുക്കുന്നവര്‍ക്കുള്ള ധനസഹായം അടിയന്തിരമായി ലഭ്യമാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ധനസഹായം എപ്പോള്‍ മുതല്‍ നല്‍കാന്‍ സാധിക്കും; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഏഴിമല നാവിക അക്കാദമിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം**

4385 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ ഏഴിമല നേവല്‍ അക്കാദമി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവര്‍ക്ക് എത്ര തുക നഷ്ടപരിഹാരമായി നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാര തുക ഇനിയും എത്ര പേര്‍ക്ക് നല്‍കാനുണ്ടെന്നും എത്ര തുകയാണ് ഇവര്‍ക്ക് നല്‍കേണ്ടതെന്നും അറിയിക്കുമോ ;

(സി) ഇവര്‍ക്ക് നഷ്ടപരിഹാരം നല്‍കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കുന്ദമംഗലം വില്ലേജ് ഓഫീസ് വിഭജനം**

**4386** **ശ്രീ. പി. റ്റി.എ റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കുന്ദമംഗലം വില്ലേജ് ഓഫീസ് വിഭജിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;**

(ബി) **എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ന്യൂമാഹി ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് വില്ലേജ് ഓഫീസ്</u>

4387 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ന്യൂമാഹി ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വില്ലേജ് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവിടെ വില്ലേജ് ഓഫീസ് അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കുണ്ടറ, പേരയം ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക വില്ലേജ് ഓഫീസ്**

4388 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ കുണ്ടറ, പേരയം എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രത്യേകം വില്ലേജ് ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

**4389** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പ് ഭരണാനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പരമാവധി എന്തു തുകയ്ക്കാണ് ഭരണാനുമതി നൽകുന്നതെന്നറിയിക്കാമോ ;

(സി) പ്രസ്തുത ഭരണാനുമതിയ്ക്കായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റീസർവ്വേ പൂർത്തിയാക്കാൻ നടപടി</u>

4390 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെ ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) റീസർവ്വേ ജോലികൾ ഇതിനകം എത്ര വില്ലേജുകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ പുരോഗമിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ റീസർവ്വെ നടപടികൾ പൂർത്തീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏത് ഏജൻസിയെ ഇതിനായി ചുമതലപ്പെടുത്തിയി ട്ടുണ്ടെന്നും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) നിലവിലെ ജീവനക്കാർക്ക് പരിശീലനം നൽകി ഒരു വർഷത്തിനകം റീസർവ്വെ ജോലികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ഇതിനായി സർവ്വേയും ഭൂരേഖയും വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി</u>

4391 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന റീ സർവ്വെ പ്രവർത്തനങ്ങൾ എത്ര വില്ലേജുകളിൽ പൂർത്തിയായിയെന്നും എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കുന്നതിന് വേണ്ട സമയപരിധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുകയില്ലെന്ന് സർവ്വേ വകുപ്പ് ജീവനക്കാർ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അറിയിക്കാൻ ജീവനക്കാരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) റീസർവ്വേ പൂർത്തിയാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും വെട്ടിക്കുറച്ച തസ്തികകൾ പുനസ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മലബാർ മേഖലയിലെ വില്ലേജുകളിൽ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി**

4392

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ധാരാളം വില്ലേജുകൾ റീസർവ്വേ നടത്താൻ ശേഷിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ വില്ലേജുകളും റീ സർവ്വേ നടത്തി, റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കാനുള്ള നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടി പൂർത്തിയാക്കുന്നതുവരെ നിലവിലുള്ള റിക്കാർഡുകൾ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളും താലുക്കുകളിൽ റീസർവ്വേ സൂപ്രണ്ട് ഓഫീസ് സ്ഥാപിക്കാൻ നടപടിയും**

4393 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ എത്ര വില്ലേജുകൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ തീയതി വെളിപ്പെടുത്തുമോ ;

(സി) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ ലാന്റ് റിക്കാർഡുകളിലെ മെയിന്റനൻസിനും, മറ്റു പരാതികൾ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) കൊല്ലം ജില്ലയിലെ റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഭൂമി സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ താലൂക്കുകളിലും ഒരു റീസർവ്വേ സൂപ്രണ്ട് ഓഫീസും, വില്ലേജ് തലത്തിൽ ഒരു സർവ്വേയറെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ആലുവ താലൂക്കിലെ റീസർവ്വെ നടപടികൾ</u>**

**4394 ശ്രീ. അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ റീസർവ്വെ നടപടികൾ ആണ് പൂർത്തിയാക്കുവാൻ ഇനി ബാക്കിയുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിലെ റീസർവ്വെ എന്ന് പൂർത്തിയാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>സർവ്വേ വകുപ്പിലെ സ്ഥലം മാറ്റ മാനദണ്ഡം</u>

4395

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവ്വേ വകുപ്പിലെ പൊതു സ്ഥലം മാറ്റങ്ങളുടെ നിലവിലുളള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അനുബന്ധ വിഷയത്തിന്മേൽ അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; എങ്കിൽ ബന്ധപ്പെട്ട ചർച്ചയുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വകുപ്പിൽ നടന്നിട്ടുളള സ്ഥലം മാറ്റങ്ങൾ സമയബന്ധിതമായി പുനപരിശോധിച്ച് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഉദ്ഘാടന ചടങ്ങിന് പങ്കെടുക്കാത്തതിന് ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ്**

**4396** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാർച്ച് നാലിന് നിശാഗന്ധിയിൽ നടന്ന സുരക്ഷായാനം പരിപാടിയുടെ ഉദ്ഘാടന ചടങ്ങിന് പങ്കെടുത്തില്ലെന്നാരോപിച്ച് റവന്യൂ ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് വ്യക്തമാക്കുമോ ;

(സി) കാരണം കാണിക്കൽ നോട്ടീസ് നൽകിയത് ഉചിതമായ നടപടിയാണോ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നോട്ടീസിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**തഹസീൽദാർ തസ്തികയിലെ ഒഴിവുകൾ**

**4397 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 31 വരെ തഹസിൽദാർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ നേരിട്ടുളള നിയമനം നടത്താറുണ്ടോയെന്നും എങ്കിൽ അവസാനമായി ഏതു വർഷമാണ് നേരിട്ടുള്ള നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) നിലവിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യുവാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികയിൽ നിയമനം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയെന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തളിപ്പറമ്പ് ഡെപ്യൂട്ടി തഹസീൽദാരുടെ സ്പെഷ്യൽ ലീവ്**

4398 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. രാധാകൃഷ്ണൻ 30/12/2010 മുതൽ തളർവാതം പിടിപെട്ട് കിടപ്പിലായതിനാൽ ഔദ്യോഗിക കാര്യങ്ങളിൽ നിന്നും ലീവെടുത്ത് വിട്ടുനില്ക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥന് അനുവദനീയമായ സ്പെഷ്യൽ ലീവ് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

(സി) പ്രസ്തുത ലീവ് സംബന്ധിച്ച നടപടികളിൽ സമയബന്ധിതമായി തീർപ്പ് കല്പിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എന്ന് ഇക്കാര്യത്തിൽ തീർപ്പ് കല്പിക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കയർ മേഖലയിലെ ചകിരിക്ഷാമം**

**4399** **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കയർ മേഖലയിൽ ചകിരിക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് വാങ്ങി നൽകുന്ന ചകിരിക്ക് ലഭിയ്ക്കുന്ന സബ്സിഡി എത്രയാണെന്ന് വ്യക്തമാക്കുമോ ;**

(ബി) **ഈയിനത്തിൽ എത്ര തുക കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?**

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>കഴിഞ്ഞ അഞ്ച് വർഷക്കാലം കയർ ബോർഡ് കയറ്റുമതി ചെയ്ത കയർ ഉല്പന്നങ്ങൾ</u>**

**4400**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കയർ ബോർഡിന്റെ കണക്ക് പ്രകാരം എത്ര ടൺ കയർ ഉൽപ്പന്നങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തതെന്ന് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;**

(ബി) **കയറ്റുമതി ചെയ്ത കയർ ഉൽപ്പന്നങ്ങളിൽ ഉപയോഗിച്ചിട്ടുള്ള കയർയാണിന്റെ ഏകദേശ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കയർ കേരള 2012-ന്റെ നടത്തിപ്പ് ചെലവ്**

4401 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ആലപ്പുഴയിൽ നടത്തിയ കയർ കേരള 2012 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എത്ര തുകയുടെ ചെലവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത പരിപാടി മുഖാന്തിരം സംസ്ഥാനത്ത് എത്ര തുകയ്ക്കുള്ള കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കയർ കേരള പദ്ധതി വഴി കയറ്റുമതി നടത്തിയ കയറുല്പന്നങ്ങൾ</u>**

4402 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011ലെ 'കയർ കേരള' വഴി എത്ര കോടി രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചിരുന്നുവെന്നും ഇത് ഏതൊക്കെ സ്ഥാപനങ്ങൾക്കായിരുന്നുവെന്നും അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുകയുടെ ഉല്പന്നങ്ങൾ ഓരോ സ്ഥാപനവും കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) 2012-ലെ 'കയർ കേരള' വഴി പുതുതായി എത്ര കോടി രൂപയുടെ വിദേശ ഓർഡർ ലഭിച്ചുവെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്കു ലഭിച്ചുവെന്നും അറിയിക്കുമോ;

(ഡി) ലഭിച്ച ഓർഡറുകളിൽ ഓരോ സ്ഥാപനവും ഇതുവരെ എത്ര തുകയ്ക്കുള്ള കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>കയർപിരി മേഖലയിലെ പ്രതിസന്ധി</u>

4403 ശ്രീ. എ.എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ കയർപിരി മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആവിർഭാവത്തോടെ കയർപിരി തൊഴിലാളികളെ പ്രസ്തുത തൊഴിലിനായി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയർപിരി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന സംസ്ഥാന ഗ്രാമവികസന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി ആലപ്പുഴയിൽ നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കയർപിരി മേഖലയിലെ മിനിമം കൂലിയായ 214 രൂപ കയർ തൊഴിലാളിക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചകിരി വില നിശ്ചയിച്ച് തൂക്കി തൊഴിലാളിക്ക് കൊടുക്കുകയും പിരിച്ച കയർ, വില നിശ്ചയിച്ച്, തൂക്കി എടുക്കുമ്പോൾ ഉണ്ടാകുന്ന വിലയിലെ വ്യത്യാസമാണ് ചേർത്തല താലൂക്കിൽ കൂലിയായി കണക്കാക്കുന്നത് എന്ന വിവരം അറിയുമോ;

(എഫ്) ചകിരിയുടെ ദൗർലഭ്യം നിമിത്തം പൊള്ളാച്ചിയിൽ നിന്നും വരുന്ന ചകിരിയെ ആശ്രയിച്ചാണ് ഈ വ്യവസായം നാമമാത്രമായെങ്കിലും നിലനിൽക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) നനവുള്ള ചകിരിയിലെ തൂക്കക്കൂടുതലും ഉണങ്ങിയ കയറിലെ തൂക്കക്കുറവും പരിഗണിച്ചാൽ നാമമാത്രമായ കൂലിപോലും കിട്ടാതെ കയർ തൊഴിലാളികൾ

പട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ദരിദ്രരായ കയർ തൊഴിലാളികളെ എ. പി. എൽ. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തൊഴിലാളികളെ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഐ) ഉയർന്ന വിലയ്ക്ക് ചകിരി വാങ്ങി സർക്കാർ നിശ്ചയിച്ച മിനിമം കൂലി തൊഴിലാളിക്ക് കൊടുത്ത് കയർപിരി വ്യവസായം നടത്തിക്കൊണ്ടു പോകുവാൻ സാധിക്കില്ല എന്ന കയർ ഉടമകളുടെ ന്യായവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) തൊഴിലാളികൾക്കു മിനിമം കൂലി ഉറപ്പുവരുത്തി കയർ ഉടമകൾക്ക് നഷ്ടം വരുത്താതെ പ്രസ്തുത വ്യവസായം സംരക്ഷിച്ചു നിർത്തുന്നതിനായി കയർ തൊഴിലാളികളെയും കയർ ഉടമകളെയും ട്രേഡ് യൂണിയൻ പ്രതിനിധികളെയും ചേർത്തല താലൂക്കിലെ നിയമസഭാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(കെ) പ്രസ്തുത യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് അധികാരമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചേർത്തല കയർ സംഘങ്ങൾക്ക് നൽകുന്ന സഹായം**

4404 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ വികസന ഡയറക്ടറേറ്റിന്റെ കീഴിൽ സംസ്ഥാനത്തെ കയർ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; കയർ സംഘങ്ങളുടെ ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഇപ്രകാരം ഗ്രാന്റുകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നത് എന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ചേർത്തല മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം കയർ സഹകരണ സംഘങ്ങൾക്കാണ് കയർ വികസന ഡയറക്ടറേറ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് സഹായം അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ; ഓരോ സംഘത്തിനും നൽകിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ സംഘങ്ങളുടെ ചുറ്റുമതിൽ നിർമ്മാണം, തൊഴിലാളികൾക്ക് വിശ്രമമുറി, ടോയ്ലറ്റ് തുടങ്ങിയ അടിസ്ഥാനസൗകര്യ വികസനത്തിന് എത്ര സംഘങ്ങൾക്ക് തുക അനുവദിച്ചു എന്നും എത്ര വീതം അനുവദിച്ചു എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴയിൽ സുനാമി പുനരധിവാസ പദ്ധതി**

4405 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ ആരംഭിച്ച കയർപിരി യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**സഹകരണ - സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ**

**4406**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിൽ ഉല്പാദിപ്പിച്ചുവരുന്ന കയർ ഉല്പന്നങ്ങൾ ഏതെല്ലാമാണ്;**

(ബി) **സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും എത്ര ടൺ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?**

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം

4407 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലുള്ള ചെയർമാൻ, മേധാവികൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ വിജിലൻസിന്റെയോ, മറ്റേതെങ്കിലും കുറ്റാന്വേഷണ ഏജൻസികളുടെയോ കേസന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അന്വേഷണം നേരിടുന്നവരെ തത്സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>കയർത്തൊഴിലാളിക്ഷേമനിധി</u>

4408 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി ഏതെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 28.06.2012 -ലെ മറുപടിക്ക്

## കയർ തൊഴിലാളി വിരമിക്കൽ ആനുകൂല്യ പദ്ധതി

4409 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി വിരമിക്കൽ ആനുകൂല്യ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച 7.50 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് എത്ര തൊഴിലാളികൾക്ക് ആനുകൂല്യം നൽകി; പ്രസ്തുത പദ്ധതിയിൽ ഇനി എത്രതുക ബാക്കിയുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ എന്തുതുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കയർതൊഴിലാളികളുടെ പെൻഷൻ വിതരണം**

4410 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ തൊഴിലാളികളുടെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന് വരെയുളള പെൻഷനാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയുളളതെന്നും എന്ന് കുടിശ്ശിക തീർത്തു നൽകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കയർ മേഖല നേരിടുന്ന പ്രതിസന്ധി**

4411 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ മേഖല ഇപ്പോൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ വിപണിയിൽ ഉണ്ടായിരിക്കുന്ന മാന്ദ്യം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് മാറി പ്രവർത്തിക്കുന്നതിനാൽ കയർ വിപണി നേരിടേണ്ടിവരുന്ന വൻതകർച്ച നേരിടാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>കയർ സംഭരണവും വിപണനവും</u>

4412 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ സംഭരണം സുഗമമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) അംഗങ്ങളായിട്ടുള്ള സംഘങ്ങൾ ഉല്പാദിപ്പിച്ച കയർ വാങ്ങുന്നതിനും കയറിന്റെ വില അപ്പോൾതന്നെ സംഘങ്ങൾക്ക് നൽകുന്നതിനുമായി എന്തെല്ലാം സാമ്പത്തിക സഹായമാണ് കയർ ഫെഡിന് നൽകിയിട്ടുള്ളത് ;

(സി) സംഘങ്ങൾ വാങ്ങുന്ന കയറിന്റെ വിലയും കയർഫെഡ് വിൽക്കുന്ന കയറിന്റെ വിലയും നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) വിലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കയർ വിപണി വികസന സഹായ പദ്ധതി**

4413

ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർമേഖലയുടെ വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കയർ വിപണി വികസന സഹായ പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>കയർ മേഖലയുടെ വികസനത്തിനായി പദ്ധതികൾ</u>**

**4414 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസന പദ്ധതികളിൽ ഓരോ പദ്ധതിയുടെയും സവിശേഷതകളും ഇതിനായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് തുകയും വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?